## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4121** — **25.06.2018-ൽ മറുപടിയ്ക്ക്.**

# അതിർത്തിയിൽ പാൽ പരിശോധനാ ലബോറട്ടറികളുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന അതിർത്തിയിൽ ക്ഷീരവികസന വകുപ്പിന് പാൽ പരിശോധനാ ലബോറട്ടറികളുടെ കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) മീനാക്ഷിപുരം, ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ലാബ് സ്ഥാപിച്ച് ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പരിശോധന നടത്തി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. കൂടുതൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (ബി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിന്റെ മാതൃകയിൽ അതിർത്തി യിൽ കൂടുതൽ ലാബുകൾ സജ്ജമാക്കുന്ന തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) പരിശോധിക്കുന്നതാണ് |
| (സി) അന്യസംസ്ഥാനത്ത് നിന്നുള്ള പാലിന്റെ ഇറക്കുമതി കുറയ്ക്കുന്നതിന് ഉതകുന്ന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇവ നടപ്പിലാക്കുന്നതിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കാനും അന്യസംസ്ഥാനത്ത് നിന്നുള്ള പാലിന്റെ ഇറക്കുമതി കുറയ്ക്കാനും ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**